## 14-ാം കേരള നിയമ സഭ

## 4-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 335** **27.02.2017-ൽ മറുപടിയ്ക്ക്**

## മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എസ്. ശർമ്മ :**<br>**ശ്രീ. ആർ. രാജേഷ് :**<br>**പ്രൊഫ. കെ.യു. അരുണൻ :**<br>**ശ്രീ.കെ. ആൻസലൻ :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) 2017-ലെ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം സി.ബി.എസ്.ഇ. പൊതുപ്രവേശന പരീക്ഷ വഴിയാക്കിയിരിയ്ക്കുന്നത്, ന്യൂനപക്ഷ പദവിയുള്ളവയുൾപ്പെടെയുള്ള സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകൾക്ക് കീഴിലുള്ള മെഡിക്കൽ കോളേജുകളിലേക്കുള്ള പ്രവേശന പ്രക്രിയയിൽ എന്തുമാറ്റമുണ്ടാക്കുമെന്നും മെഡിക്കൽ പ്രവേശന കാര്യത്തിൽ സംസ്ഥാനസർക്കാരിന്റെ പങ്കെന്തായിരിക്കുമെന്നും വിശദമാക്കാമോ ;<br><br>(ബി) കല്പിത സർവ്വകലാശാലയുൾപ്പെടെയുള്ള 23 സ്വകാര്യ സ്വാശ്രയ കോളേജുകളിലേക്കുള്ള പ്രവേശനം സംസ്ഥാന പ്രവേശനപരീക്ഷാ കമ്മീഷണർ പുറത്തിറക്കിയിട്ടുള്ള പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരിക്കുന്നതുകൊണ്ട് സർക്കാരിന് ഫീസ് നിർണ്ണയം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ എന്തെങ്കിലും നിയന്ത്രണം സാധ്യമാണോ;<br><br>(ബി) സ്വകാര്യ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം നിയന്ത്രിക്കാനും ക്രമീകരിക്കാനും നിയമനിർമ്മാണം ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ ? | (എ), (ബി) & (സി) കേരള സംസ്ഥാനത്തെ സ്വകാര്യ/സ്വാശ്രയ മാനേജ്മെന്റുകളുടെ കീഴിലും, കല്പിത സർവ്വകലാശാലകളുടെ കീഴിലും പ്രവർത്തിക്കുന്ന മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ 2017-18 അദ്ധ്യയന വർഷത്തെ മെഡിക്കൽ/ഡെന്റൽ കോഴ്സുകളിലേയ്ക്ക് NEET പരീക്ഷയുടെ റാങ്ക് അടിസ്ഥാനത്തിൽ പ്രവേശനം നടത്തുവാൻ കേരള സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവേശന പ്രക്രിയകളെ സംബന്ധിച്ച് സ്വകാര്യ/സ്വാശ്രയ കോളേജ് മാനേജ്മെന്റുകളുമായി ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ